6	,, Joseph Pettah	17	,, P. Raman Menon
7	,, P. S. Kesavan Nambudiri	18	Dr. A. R. Menon
8	,, P. Krishna Menon	19	Mr. A. Sankara Menon
9	,, M. Krishna Menon	20	Dr. K. Sankara Menon
10	,, T. K. Nayar	21	Mrs. Swaris
11	,, S. S. Koder	22	Mr. K. P. Vallon.

Noes.

1	Mr. K. Achyuta Menon	7	Mr. P. Nilakanta Menon
2	,, V. K. Aravindaksha Menon	8	Rama Varmha Tampuran
3	,, M. P. Cherian	9	Dr. D. Raghavendra Rao
4	,, C. J. Mathew	10	Mr. P. V. Raphael
5	,, T Narayana Menon	11	,, M. K. Raman
6	,, I. N. Menon	12	,, P. V. Subramania Ayyar

13 Mr. Thomas Manjuran.

Shifting of the Legislative Council Office to Trichur.

Mr. T.K. Nayar.—*This Council recommends to the Government to make immediate arrangements to shift the office of the Secretary to the Cochin Legislative Council to Trichur.*

ഈ പ്രമേയത്തിന്റെ തത്വം എന്താണെന്നുള്ളതു് ഞാൻ ഇതു് അവതരിപ്പിയ്ക്കുമ്പോൾ ഉണ്ടായിട്ടുള്ള ശബ്ദംകൊണ്ടുതന്നെ എല്ലാവർക്കും മനസ്സിലാക്കാവുന്നതാണു്. എന്നാൽ ഇതു് കുറച്ചുകൂടി ഭംഗിയിൽ കൊണ്ടുവരാമായിരുന്നു. സംഗതിവശാൽ, ഈ കൌൺസിൽ സിറ്റിംഗുതന്നെ തൃശ്ശിവപേരൂക്കു മാറ്റിയാൽ കൊള്ളാമെന്നും ആവശ്യപ്പെടുമ്പോൾ അതിനു നിയമസംബന്ധമായ തടസ്ഥമുണ്ടെന്നറിഞ്ഞുകൊണ്ടാണു് ഇത്തരത്തിലാകാമെന്നു വച്ചതു്. ഇപ്പോൾ ഇതുകൊണ്ടു് എന്റെ ഉദ്ദേശം മുഴുവനും സാധിച്ചിട്ടില്ല. കൌൺസിൽ സിക്രട്ടറിയേറ്റ് തൃശ്ശിവപേരൂക്കു കൊണ്ടുപോയാലും എറണാകുളത്തു സിറ്റിംഗു് വെയ്ക്കുവാൻ വിരോധമില്ല. ഈ റസല്യൂഷന്റെ ഉദ്ദേശം കൌൺസിൽ സിക്രട്ടറിയേറ്റു് തൃശ്ശിവപേരൂക്കു കൊണ്ടുപോകണമെന്നാണു്. അതിനെപ്പറ്റിമാത്രമേ ഇപ്പോൾ പറയുവാൻ തരമുള്ളു. എങ്കിലും ഇതിൽനിന്നുദ്ദേശിയ്ക്കുന്ന അവസാനഫലം കൌൺസിൽ സിറ്റിംഗു് തന്നെ തൃശ്ശിവപേരൂക്കു മാറ്റണമെന്നതാണു്.

ഇതിനു് ചിലകാരണങ്ങളുണ്ടു്. കോളേജു് ഇവിടെനിന്നു തൃശ്ശിവപേരൂക്കു മാറ്റുവാൻ പറഞ്ഞപ്പോൾ ഇവിടെ വേണമെന്നു ഒരുപക്ഷക്കാർ പറഞ്ഞു. അതു മാത്രമായല്ല എറണാകുളത്തുനിന്നും കൌൺസിൽ കൊണ്ടുപോകണമെന്നു പറയുന്നതു്. പ്രധാനമായിട്ടുള്ള മുക്കാലെഅരക്കാൽ ആപ്പീസ്സുകളും തൃശ്ശൂരിലാണു്. എറണാകുളത്തു് ഹജൂരും പ്ലസ്സും എക്സ്സു് കമ്മീഷണരാപ്പീസ്സുമുണ്ടു്. പ്ലസ്സു് തൃശ്ശൂരിൽ ധാരാളമുണ്ടു്; ഇനി ഹജൂർ മാത്രമേ വേണ്ടു. അതുംകൂടി അങ്ങോട്ടു കൊണ്ടുപോകാൻ സാധിക്കുമെന്നുണ്ടെങ്കിൽ തരക്കേടില്ല. ഈ കൊച്ചീരാജ്യത്തിന്റെ തെക്കെ അറ്റത്തു് കൌൺസിൽ ആപ്പീസ്സിരിക്കുന്നതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് രാജ്യത്തിന്റെ നടുവിലുള്ള വക്കുംമറവും ഇവിടെ വരുവാൻ കുറച്ചു പ്രയാസമുണ്ട്. ഇന്ന് ഈ കൊച്ചീരാജ്യത്ത് നിയമസഭകൊണ്ടുള്ള പബ്ലിസിറ്റി മാത്രമല്ലാതെ വേറെ ഒന്നുംതന്നെയുണ്ടെന്നു തോന്നുന്നില്ല. ഇതു കൊച്ചീരാജ്യത്തിന്റെ തെക്കെ തലയ്ക്കലായതുകൊണ്ടുമാത്രം അത്ര പബ്ലിസിറ്റി കാണുന്നുമില്ല. കൊച്ചീരാജ്യക്കാക്കു മുഴുവൻ നിയമസഭ തൃശ്ശൂരിലാണെങ്കിൽ അതിലെ നടപടികളെപ്പറ്റി അറിയുവാൻ എളുപ്പമുണ്ട്.

രണ്ടാമതു് എന്റെ അറിവിൽ പെട്ടിടത്തോളം, കൌൺസിൽ സിറ്റിംഗ് നടത്തുന്ന സ്ഥലവും ആപ്പീസ്സുമൊക്കെ കൌൺഹാളിലായതുകൊണ്ടു് ഇന്നല്ലെങ്കിൽ ഇനി ഒരവസരത്തിൽ ഒരു കൌൺസിൽചെയിമ്പറുംമറവും നമുക്കാവശ്യമായിരിക്കെ അവ ഈ കൌൺഹാളിൽനിന്നും മാറേണ്ടതായും വരും. അതിനു ഗവമ്മെൻറു് ഉടനെ ശ്രമിക്കയുംചെയ്യും. സ്ഥലം നോക്കുന്നതും അവകാശവേണ്ടി പണം ചിലവാക്കുന്നതും തൃശ്ശൂരിലായിരിക്കണമെന്നേ ഞാൻ പറയുന്നുള്ളു. അതിലേയ്ക്കു് അഡ്വീഷണലായിട്ടു് ഒന്നും ചിലവാക്കേണ്ടിവരികയില്ല. ഉടനെ ചെയ്യണമെന്നു പറഞ്ഞാൽ പണമില്ലെന്നു പറയുമായിരിക്കാം. അതുകൊണ്ടു് കെട്ടിടം കെട്ടുവാൻ ഉദ്ദേശിക്കുന്ന അവസരത്തിൽ തൃശ്ശൂരിലാക്കിയാൽകൊള്ളാമെന്നുള്ള അപേക്ഷയെ മുൻകൂട്ടി അറിയിക്കാമെന്നു വിചാരിച്ചാണു് ഈ പ്രമേയം ഞാൻ അവതരിപ്പിച്ചിട്ടുള്ളതു്. (ചിരി) ഇതു് ആക്ഷം ചിരിക്കുവാനുള്ള ഒരു കാര്യമല്ല.

ചില പത്രങ്ങളിലുംമറവും ഇതിനെസംബന്ധിച്ചു് എഴുതിക്കണ്ടു. അതിന്റെ അർത്ഥം മുഴുവനും ഗ്രഹിപ്പിക്കുവാൻ എനിക്കു സാധിക്കയില്ല. ഹാർബറുംകൂടി അങ്ങോട്ടു കൊണ്ടുപോയാൽ എന്താണു് എന്നു ചോദിച്ചിരുന്നു. അതും ഒരുസമയം അവിടെ വന്നുകൂടെന്നില്ല. ഇപ്പോൾ ബീഹാറിലേപ്പോലെ ഒരു ഭ്രമികലുക്കമോമറോ ഇവിടെ വരുവാൻപാടില്ലെന്നും ആരുകണ്ടു! അങ്ങനെ വരുമ്പോൾഹാർബറും ഒരുസമയം അങ്ങോട്ടാകും. ഹാർബറുംകൂടി അവിടെ വരുന്നപക്ഷം വളരെ സന്തോഷമായിട്ടു് സ്വീകരിക്കുവാൻ ഞങ്ങൾതയ്യാറാണു്. ഇവിടെയുള്ള കെട്ടിടങ്ങളെല്ലാം തൃശ്ശൂരേയ്ക്കുറിഞ്ഞിട്ടു് ഇവിടെയൊക്കെ കായലായാലും ഞങ്ങൾക്കു വിരോധമില്ല. അത്തരത്തിൽ ആകുന്നതുകൊണ്ടു് എനിയ്ക്കു വലിയ അത്ഭുതവും തോന്നുന്നില്ല.

ഇതു് ഒരു നിസ്സാരമായ പ്രമേയമല്ല. ഗൌരവമായ പല സംഗതികളും ഇതിലുണ്ടു്. ഒന്നാമതു് ചിലവു കുറവാണു്. രണ്ടാമതു് ഒരു ചോദ്യം ചോദിച്ചാൽ ഡിപ്പാർട്ടുമെൻറിന്റെ ഹെഡ ആപ്പീസ്സുകളെല്ലാം തൃശ്ശൂരിലായതുകൊണ്ടു് കൌൺസിൽസിറ്റിംഗു സമയത്തു് ഫയലുകളെല്ലാം വരുത്തി മറുപടി പറയുന്നതിനു് ഗവമ്മെൻറു സിക്രട്ടറിക്കു വളരെ സൌകര്യവുമായിരിക്കും

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ എക്സ്പീരിയൻസുകൊണ്ടു നോക്കിയാലും കൌൺസിലാപ്പീസ്സു തൃശ്ശൂക്കുതന്നെ കൊണ്ടുപോകുന്നതു വളരെ നല്ലതാണെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് ഇതു സ്വീകരിച്ചാൽ കൊള്ളാമെന്നാണു് ഞാൻ ഗവൺമ്മെൻറിനോടു അപേക്ഷിക്കുന്നതു്.

Mr. T. A. Ramachandra Ayyar.—Sir, I second it.

മിസ്റ്റർ സി. ജെ. മാത്യു.—ദിവാൻപ്രസിഡൻറു് അവർകളുടെ ആപ്പീസും, ഹൈർസിക്രട്ടറിയേറ്റും സ്ഥിതിചെയ്യുന്ന സ്ഥലത്തുതന്നെ കൌൺസിൽസിക്രട്ടറിയുടെ ആപ്പീസും ഏകോപിച്ചു് സ്ഥിതിചെയ്യുന്നതായാൽ നിയമസഭാനടപടികളെ സംബന്ധിച്ചിടത്തോളമുള്ള കാര്യപരിപാടികൾ ശരിയായി നിർവ്വഹിക്കുന്നതിനും, കാലതാമസംകൂടാതെ അതാതുസമയത്തിനുള്ളിൽ ആവശ്യമുള്ള പ്രവൃത്തികൾ നടത്തുന്നതിനും സാദ്ധ്യമാകുന്നതാണു്. കൂടാതെ, ഈ ആപ്പീസു് ഏറണാകുളത്തുതന്നെയിരിയ്ക്കുന്നതുകൊണ്ടു്, അതാതുകാലങ്ങളിൽ നിയമസഭാസാമാജികന്മാർ അയച്ചുതരുന്നതായ കപ്സ്റ്റ്യൻസു് (Questions) റസല്യൂഷൻസു് (Resolutions) ബിൽസു് (Bills) കട്ടുമോഷൻസു് (Cut motions) മുതലായവയെല്ലാം ഇവിടെ കിട്ടിയാലുടൻതന്നെ ആയതു പ്രസിഡൻറു് അവർകളുടെ അനുമതിയ്ക്കായി അയച്ചുകൊടുക്കുവാൻ എളുപ്പത്തിൽ സാധിച്ചുവരുന്നുണ്ടു്. മേല്പറഞ്ഞപ്രകാരം പ്രസിഡൻറവർകളുടെ ഉത്തരവു വാങ്ങിയതിനശേഷം അടുത്തദിവസം തന്നെ അതുസംബന്ധമായി ആവശ്യമുള്ള നടപടി നടത്തുന്നതിനുവേണ്ടി ഹജൂർ ആപ്പീസിലേയ്ക്കു് എത്തിച്ചുകൊടുക്കുവാനും സാധിച്ചുവരുന്നുണ്ടു്. ഈ തരത്തിൽ ഇപ്പോൾ ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ തൽസംബന്ധമായുള്ള സകല എഴുത്തുകുത്തുകളും ചെയ്തുകൊണ്ടിരിയ്ക്കുവാൻ സൌകര്യമുള്ളതായ ഈ സ്ഥലത്തുനിന്നും കൌൺസിൽസിക്രട്ടറിയുടെ ആപ്പീസു് തൃശ്ശൂരിലേയ്ക്കു മാറുവാൻ ആവശ്യപ്പെടുന്നതു് ഒരിക്കലും സ്വീകാരയോഗ്യമായിട്ടു് എനിയ്ക്കു തോന്നുന്നില്ല. അതിനാൽ ഗവൺമ്മെൻറിനു് ഈ അപേക്ഷയെ സ്വീകരിയ്ക്കുവാൻ യാതൊരു നിവൃത്തിയുമില്ലെന്നുപറയാതെ തരമില്ല.

കൌൺസിലാപ്പീസു് ഇവിടെനിന്നും തൃശ്ശൂരിലേയ്ക്കു മാറുന്നപക്ഷം മുമ്പു് പറഞ്ഞ രീതിയിൽ പ്രസിഡൻറവർകളുമായി നടത്തേണ്ട എഴുത്തുകുത്തുകൾ നടത്തിവരുന്നതിനു് ചുരുങ്ങിയതു് രണ്ടുദിവസത്തെ താമസമെങ്കിലും നേരിടുമെന്നുള്ളതു് നിശ്ചയമാണു്. അപ്രകാരം വരുന്ന താമസത്തിനുംപുറമെ ആയതു് ഹജൂരിലേയ്ക്കയച്ചുകൊടുത്തു് നടപടിനടത്തേണ്ടതിനും കുറഞ്ഞപക്ഷം രണ്ടുമൂന്നുദിവസത്തെ താമസമെങ്കിലും ഉണ്ടാകാതിരിക്കയില്ല. ആകപ്പാടെ നോക്കിയാൽ ഇപ്പോൾ നടന്നുകൊണ്ടിരിയ്ക്കുന്നതിലും കൂടുതലായി അഞ്ചാറു ദിവസത്തെ അനാവശ്യമായ താമസത്തിനു്.

LIBRARY ARCHIVES Kerala Legislative Assembly

ഇടയാകുമെന്നുള്ളതു് നിസ്സക്കമായ സംഗതിയാണു്. അതുകൊണ്ടു് കൌൺസിൽസംബന്ധമായ നടപടികളെ കഴിയുന്നിടത്തോളം ദേശത്തിൽ നടത്തിക്കൊണ്ടുപോകുവാൻ, കൌൺസിൽസിക്രട്ടറിയുടെ ആപ്പീസു് എറണാകുളത്തുതന്നെ സ്ഥിതിചെയ്യേണ്ടതു് അത്യാവശ്യമാണു്.

പിന്നെ ബഹുമാനപ്പെട്ട മെമ്പർ ഒരു സംഗതികൂടി ഇവിടെ പറയുകയുണ്ടായി. അതായതു് ലെജിസ്ലേറ്റീവ് കൌൺസിലിന്റെ ആവശ്യത്തിലേയ്ക്കായി പുതുതായി ഒരു കെട്ടിടം പണികഴിപ്പിക്കുന്നതിനു് ഗവൺമെൻറിനു് ആലോചനയുണ്ടെന്നും, ആവകയ്ക്കു് ഗവൺമെൻറിൽനിന്നും സ്ഥലമെടുക്കുന്നതു് തുടക്കത്തിൽതന്നെ വേണ്ടതാണെന്നും അദ്ദേഹം പറയുകയുണ്ടായി. എന്നാൽ, അങ്ങിനെ ഒരു കെട്ടിടം പണിയുവാൻ ഇപ്പോൾ ഗവൺമെൻറിനു് യാതൊരു ആലോചനയുമില്ല. അഥവാ വല്ലകാലത്തും കൌൺസിലിന്റെ ആവശ്യത്തിനുവേണ്ടി അങ്ങിനെ ഒരു കെട്ടിടം പണിയുവാൻ ഇടവരുന്നപക്ഷം മെമ്പർ പറഞ്ഞ സംഗതിയെപ്പറ്റി ആ അവസരത്തിൽ ആലോചിയ്ക്കുവാനും വിരോധമില്ല.

അതുകൊണ്ടു് മേൽപറഞ്ഞ കാരണങ്ങളാൽ ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

മിസ്റ്റർ ടി. കെ. നായർ.—ഗവൺമെൻറിന്റെ മറുപടിയിൽനിന്നു് ഇതു് ചിരിയ്ക്കുത്തക്ക ഒരു കാര്യമല്ലെന്നു മനസ്സിലായി. എന്റെ റസലൂഷൻ ആഭാസമാണെന്നോ ചിരിയ്ക്കുത്തക്കതാണെന്നോ ഒന്നും ഗവൺമെൻറ് പറഞ്ഞിട്ടില്ല. ഹജൂർ ആഫീസും പ്രസിഡൻറിന്റെ ആഫീസും ഒരു സ്ഥലത്തായിരിയ്ക്കണമെന്നുള്ളതിനെപ്പറ്റി ഞാൻ റസലൂഷൻഅവതരിപ്പിച്ചപ്പോൾയാതൊന്നും പറഞ്ഞിട്ടില്ല. ഹജൂർ അങ്ങോട്ടുമാറ്റിയാൽ ഇതും മാറ്റുവാൻ വിരോധമില്ലെന്നാണു പറഞ്ഞതു്. പിന്നെ ഹജൂരിന്റേയും പ്രസിഡൻറിന്റേയും ഇടയ്ക്കുള്ളതാണു് കൌൺസിൽ സിക്രട്ടറിയേറ്റ് എന്നും പറഞ്ഞു. എന്റെ റസലൂഷൻ വായിച്ചാൽ ഇതു ഭ്രാന്തല്ലെന്നും ഹജൂരിനെ കൂടി അങ്ങോട്ടാക്കുവാനുള്ളതിന്റെ ഒരു തുടക്കമാണെന്നും അക്ഷം മനസ്സിലാകും. എന്നാൽ ആ സംഗതി ഗവൺമെൻറിനു മനസ്സിലായിട്ടുണ്ടു്. മറ്റുള്ളതിനും കൂടി ഒരു റസലൂഷൻ ഇവിടെ കൊണ്ടുവന്നാൽ സ്വീകരിയ്ക്കാമെന്നുണ്ടെങ്കിൽ അടുത്ത കൌൺസിലിൽതന്നെ കൊണ്ടുവരുവാനും തയ്യാറാണു്. ഹജൂരും അങ്ങോട്ടു വരണം. തുല്യവേതനക്കാരായിരിയ്ക്കണം. പ്രസിഡൻറിന്റെ താമസവും തുല്യവേതനക്കാരാക്കുവാൻ വിരോധമില്ല. ദിവാൻജിയുടെ നിലയിലല്ല. പ്രസിഡൻറ് എന്നുള്ള നിലയിലാണു് ഞാൻ പറയുന്നതു്. ഞങ്ങൾക്കു് ഒരു ഇലക്ടഡ് പ്രസിഡൻറിനെ കിട്ടിയാൽ അദ്ദേഹത്തിന്റെ താമസവും തുല്യവേതനക്കാരാക്കുവാൻ വിരോധമില്ല. അതു ഇപ്പോൾ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇനി റെജ്ജിസ്ട്രാരിന്റെ ഒറക്കായ്മം മാത്രമേ നോക്കേണ്ടതുള്ളു. അവിടെ സ്ഥലം ധാരാളമുണ്ട്. വളരെ എളുപ്പത്തിൽ—ഡി. രാമണിക്കുറിനകം—കൊച്ചിരാജ്യത്തെ സർവ്വഡിപ്പാർട്ടുമെന്റുകളുമുള്ള ഫയലുകൾ ഓർഡർ ആക്കാം. പിന്നെ അഞ്ചൽ സ്റ്റാമ്പിനുള്ള ചിലവും വളരെ കുറയ്ക്കുവാൻ സാധിയ്ക്കും. ഇതൊന്നും തീരെ നിസ്സാരമായ ഒരു സംഗതിയല്ല. എന്റെ സ്വഭാവത്തിൽ വല്ല ഭ്രാന്തും ഇവിടെ കൊണ്ടുവരാനുദ്ദേശിയുമല്ല. ഇതു വളരെ ഗൌരവമായിട്ട് ആലോചിയ്ക്കേണ്ട ഒരു സംഗതിയാണ്. ഹെഡ്സ് അഫ് ഡിപ്പാർട്ടുമെന്റിനുവേണ്ടി മാത്രം ഹജൂരിൽ നിന്നും ഇത്രത്തോളം സ്റ്റാമ്പു ചിലവാക്കേണ്ട ആവശ്യം ഉണ്ടാകയില്ല.

പിന്നെ മഹാരാജാവു തിരുമനസ്സുകൊണ്ട് തുഷ്ണിഭൂതരായിലാകയാൽ അദ്ദേഹത്തിന്റെ പ്രധാനമന്ത്രി എറണാകുളത്തു താമസിയ്ക്കുണ്ട എന്നു ഞാൻ പറയുന്നില്ലെന്നേയുള്ളു. എന്നാൽ ദിവാൻജി ഒരു മാസത്തിൽ കുറഞ്ഞതു് രൊക്കയെങ്കിലും തുടിവപേരൂരിൽ വന്നു താമസിയ്ക്കുന്നതിനു വിരോധമുണ്ടായിരിയ്ക്കുമെന്നു തോന്നുന്നു. അതിരിയ്ക്കട്ടെ ഞാൻ ഒരു പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. ഇങ്ങനെ ഓരോന്നായിട്ട് കാലക്രമത്തിൽ എല്ലാം തുടിവപേരൂർക്കുതന്നെ പോകും. എന്നാൽ അതിരിയ്ക്കട്ടെ കഴിയുന്നതും വേഗത്തിൽ ചണംചിലവു ചെയ്യുന്നുണ്ടെങ്കിൽ ചെയ്യട്ടെ എന്നു മാത്രമേ എനിയ്ക്കു പറയുവാനുള്ളു.

ഇപ്പോൾ ഇതു തുടിവപേരൂർക്കു മാറുവാൻ ഉദ്ദേശമില്ല; കെട്ടിടം കെട്ടുവാൻ ഉദ്ദേശമില്ല; ഇതിൽ തന്നെ ഇരിയ്ക്കണം. അടുത്തകാലത്തും ഇതിൽതന്നെയിരിയ്ക്കണം. അങ്ങനെ ഉദ്ദേശമുള്ള കാലത്തു് ഇതിനെപ്പറ്റി ഗൌരവമായി ആലോചിയ്ക്കാമെന്നാണ് മറുപടി പറഞ്ഞിട്ടുള്ളതു്. ഇതു ഗവൺമെന്റിന്റെ അഷ്വറൻസ് ആണെന്നു വിചാരിച്ചുകൊണ്ട് ഞാൻ ഇതിനെ പിൻവലിയ്ക്കുവാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

Resolution was, with leave, withdrawn.

As the following resolution was not moved it was considered withdrawn.

Mr. Joseph Pettah.—*This Council recommends to the Government that the whole quantity of arrack required for sale in the State be manufactured from cocoanut toddy.*

Medical certificates from Ayurvedic Physicians.

Mr. P. Kumaran Ezhuthassan.—The resolution standing in my name runs thus:—"*This Council recommends to the Government that the rule allowing Government Servants to produce medical certificate from Ayurvedic physicians of repute be extended to the case of gazetted officers also.*"

LIBRARY ARCHIVES Kerala Legislative Assembly